# ഇന്ത്യൻ പോലീസ് സേനയിലുള്ള 20.3 ലക്ഷം പേരിൽ 1000-ൽ താഴെ വനിതാ സീനിയർ ഓഫീസർമാർ മാത്രമേയുള്ളൂവെന്ന് 2025-ലെ ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട്

## ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ മികച്ച റാങ്കുകൾ നേടി, കർണാടക ഒന്നാം സ്ഥാനം നിലനിർത്തി

ചില മെച്ചപ്പെടലുകൾ*:*

- ■ പോലീസ് സ്റ്റേഷനുകളിൽ **78%**-ത്തിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ ഉണ്ട്
- ■ ജില്ലാ നീതന്യായ വ്യവസ്ഥയിൽ സ്ത്രീകളുടെ പ്രാതിനിധ്യം **38%**
- ■ ജയിലുകളിലെ **86%**-ത്തിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങളുണ്ട്
- ■ **2019**-നും **2023**-നുമിടയിൽ നിയമ സഹായത്തിനായുള്ള പ്രതിശീർഷ ചെലവ് ഏകദേശം ഇരട്ടിയായി **6.46** രൂപയിലെത്തി

എന്നാൽ, ദേശീയതലത്തിൽ നിരന്തരമായ പോരായ്മകൾ*:*

- ■ ഒരു സംസ്ഥാനമോ/കേന്ദ്ര ഭരണ പ്രദേശമോ പോലും പോലീസിൽ സ്ത്രീകൾക്കുള്ള സ്വന്തം സംവരണ ക്വാട്ട പാലിക്കുന്നില്ല
- ■ ജില്ലാ നീതന്യായ വ്യവസ്ഥയിൽ എസ്ടികൾ **5%**-വും എസ്‌സികൾ **14%**-വും മാത്രം
- ■ പോലീസിൽ എസ്ടികൾ **12%**-വും എസ്‌സികൾ **17%**-വും
- ■ പാരാലീഗൽ വളണ്ടിയർമാരുടെ എണ്ണം റെക്കോർഡ് നിലയിലേക്ക് താഴ്ന്നു**;** കഴിഞ്ഞ **5** വർഷത്തിനിടെ **38%** കുറവ്**.** രാജ്യവ്യാപകമായി ജയിലുകളിൽ **25** സൈക്കോളജിസ്റ്റുകൾ/സൈക്യാട്രിസ്റ്റുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ

ഏപ്രിൽ **15,** ന്യൂഡൽഹി**:** ഇന്ത്യയിലെ 20.3 ലക്ഷം വരുന്ന പോലീസ് സേനയിൽ സൂപ്രണ്ടുമാർ, ഡയറക്ടർ ജനറൽമാർ തുടങ്ങിയ മുതിർന്ന റാങ്കുകളിൽ 1000- ൽ താഴെ വനിതാ ഉദ്യോഗസ്ഥരേയുള്ളൂ എന്ന് വെളിപ്പെടുത്തുന്നു രാജ്യത്ത് നീതി നടപ്പാക്കുന്ന കാര്യത്തിലുള്ള സംസ്ഥാനങ്ങളുടെ ഏക റാങ്കിംഗായ 2025 ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് (ഐജെആർ). ഐപിഎസ് ഇതര ഉദ്യോഗസ്ഥർ ഉൾപ്പെടെ ഈ സംഖ്യ 25,000 ൽ താഴെ മാത്രമാണ്. മൊത്തം വരുന്ന 3.1 ലക്ഷം ഉദ്യോഗസ്ഥരിൽ ഐപിഎസ് ഇതര റാങ്കിലുള്ള വനിതാ ഉദ്യോഗസ്ഥർ വെറും 8% മാത്രമാണ്. അതായത് പോലീസിലെ 90% സ്ത്രീകളും കോൺസ്റ്റബിൾ തലത്തിലുള്ളവരാണ്.

ഒരു സവിശേഷ ആനുകാലിക റിപ്പോർട്ടായ ഐജെആർ പ്രകാരം കർണാടക മൊത്തത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയിരിക്കുന്നു. 18 വലുതും ഇടത്തരവുമായ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് (ഒരു കോടിയിലധികം ജനസംഖ്യയുള്ള) സംസ്ഥാനം ഒന്നാം സ്ഥാനം നിലനിർത്തിയിരിക്കുന്നത്. തൊട്ടുപിറകെയുള്ള ആന്ധ്രാപ്രദേശ് 2022-ലെ അഞ്ചാം സ്ഥാനത്ത് നിന്നാണ് രണ്ടാം സ്ഥാനത്തേക്ക് ഉയർന്നത്. തെലങ്കാന (2022 റാങ്കിംഗ്: 3-ആം സ്ഥാനം), കേരളം (2022 റാങ്കിംഗ്: 6-ആം സ്ഥാനം) എന്നിവ മൂന്നും നാലും സ്ഥാനങ്ങളിൽ എത്തി.

മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നാല് സ്തംഭങ്ങളിലെയും മികച്ച പ്രകടനം കാരണം അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളാണ് റാങ്കിംഗിൽ ആധിപത്യം സ്ഥാപിച്ചത്**.** പോലീസിലും **(**കോൺസ്റ്റബിൾ**,** ഓഫീസർ തലങ്ങളിൽ**)** ജില്ലാ നീതിവ്യവസ്ഥയിലും ജാതി ക്വാട്ട **(**എസ്‌സി**,** എസ്ടി**,** ഒബിസി**)** പാലിച്ച ഏക സംസ്ഥാനം കർണാടകയാണ്**.** ഹൈക്കോടതി ജഡ്ജിമാരിൽ ഏറ്റവും കുറഞ്ഞ ഒഴിവ് കേരളത്തിലാണ്. ഏറ്റവും കുറവ് ആളുകളെ ജയിലിൽ പാർപ്പിച്ചിരിക്കുന്നു എന്നതിനാൽ തമിഴ്നാടാണ് (ദേശീയ ശരാശരിയായ 131%-മായി താരതമ്യം ചെയ്യുമ്പോൾ 77%) ജയിൽ മേഖലയിൽ മികച്ച പ്രകടനം കാഴ്ച വച്ചിരിക്കുന്നത്. അതുപോലെ പ്രത്യേകിച്ച് പോലീസിന്റെ കാര്യത്തിൽ യഥാക്രമം

ഒന്നും രണ്ടും സ്ഥാനങ്ങളിലുള്ള തെലങ്കാനയും ആന്ധ്രാപ്രദേശും മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു.

ചെറിയ ഏഴ് സംസ്ഥാനങ്ങളിൽ (ഒരു കോടിയിൽ താഴെ ജനസംഖ്യയുള്ള) പട്ടികയിൽ സിക്കിം (2022 റാങ്കിംഗ്: ഒന്നാം സ്ഥാനം) ഒന്നാം സ്ഥാനത്തും തൊട്ടുപിന്നിൽ ഹിമാചൽ പ്രദേശ് (2022: ആറാം സ്ഥാനം), അരുണാചൽ പ്രദേശ് (2022: രണ്ടാം സ്ഥാനം) എന്നിവയുമുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ ഐജെആർ **2022**-നും **2025**-നും ഇടയിൽ ഏറ്റവും കൂടുതൽ പുരോഗതി രേഖപ്പെടുത്തിയത് ബീഹാർ ആണ്. തൊട്ടുപിറകെ ഛത്തീസ്ഗഢും ഒഡീഷയും. മെച്ചപ്പെടുത്തൽ സ്കോർകാർഡിൽ ഹരിയാന, തെലങ്കാന, ഗുജറാത്ത് എന്നിവയുൾപ്പെടെ 7 മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉത്തർപ്രദേശും ഉത്തരാഖണ്ഡും മികച്ച പ്രകടനം കാഴ്ചവച്ചു (*കാണുക: ഇൻഫോഗ്രാഫിക്സിലെ മെച്ചപ്പെടുത്തൽ സ്കോർകാർഡ്*).

പോലീസിലെ സ്ത്രീകൾ: അവർ എവിടെയൊക്കെ**?**

- പോലീസിലെ ആകെയുള്ള 2,42,835 സ്ത്രീകളിൽ 960 പേർ ഐപിഎസ് റാങ്കിലുള്ളവരാണ് (ആകെ 7,450: ഡിഐജി, ഡിജി, ഐജി, എഐജിപി, അഡീഷണൽ എസ്പി, അഡീഷണൽ എസ്പി/ഡെപ്യൂട്ടി കമ്മീഷണർ)
- 24,322 സ്ത്രീകൾ ഐപിഎസ് റാങ്കില്ലാത്തവരാണ് (ആകെ 3,10,444: ഡിവൈഎസ്പി, ഇൻസ്പെക്ടർ, എസ്ഐ, എഎസ്ഐ)
- 1003 ഡിവൈഎസ്പിമാർ സ്ത്രീകളാണ് (ആകെ 11,406: ഡിവൈഎസ്പിമാർ). മധ്യപ്രദേശിലാണ് ഏറ്റവും കൂടുതൽ വനിതാ ഡിവൈഎസ്പിമാർ ഉള്ളത്: 133.
- കോൺസ്റ്റബിൾമാരിൽ 2, 17,553 സ്ത്രീകൾ (ആകെ 17, 24,312: ഹെഡ് കോൺസ്റ്റബിൾമാരും കോൺസ്റ്റബിൾമാരും)

ഇന്ത്യാ ജസ്റ്റിസ് റിപ്പോർട്ടിന് (ഐജെആർ) ആദ്യമായി തുടക്കമിട്ട ടാറ്റ ട്രസ്റ്റുകൾ 2019-ൽ ആദ്യമായി റാങ്കിംഗ് പ്രസിദ്ധീകരിച്ചു. സെന്റർ ഫോർ സോഷ്യൽ ജസ്റ്റിസ്, കോമൺ കോസ്, കോമൺവെൽത്ത് ഹ്യൂമൻ റൈറ്റ്സ് ഇനിഷ്യേറ്റീവ്, ഡിഎകെഎസ്എച്ച്, ടിഐഎസ്എസ്–പ്രയാസ്, വിധി സെന്റർ ഫോർ ലീഗൽ പോളിസി, ഐജെആറിന്റെ ഡാറ്റാ പങ്കാളിയായ ഹൗ ഇന്ത്യ ലിവ്സ് എന്നിവയുൾപ്പെടെയുള്ള പങ്കാളികളുമായി സഹകരിച്ച് പുറത്തിറക്കിയ റിപ്പോർട്ടിന്റെ നാലാമത്തെ പതിപ്പാണിത്.

ഇന്ത്യാ ജസ്റ്റിസ് റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ട് ജസ്റ്റിസ് (റിട്ട.) മദൻ ബി. ലോകൂർ അഭിപ്രായപ്പെട്ടു, *"ആദ്യമായി ഈ സംവിധാനവുമായി ബന്ധപ്പെടുന്നതോടു കൂടി തന്നെ ഒരു വ്യക്തിക്ക് നീതി നേടിയെടുക്കുന്നതിനുള്ള കഠിനമായ പ്രക്രിയ ആരംഭിക്കുന്നു. പോലീസ് സ്റ്റേഷനുകൾ, പാരാലീഗൽ വളണ്ടിയർമാരുൾപ്പെടെയുള്ള നിയമ സഹായ പ്രവർത്തകർ, ജില്ലാ കോടതികൾ എന്നിങ്ങനെ മുൻനിര നീതി ദാതാക്കളെ ശരിയായി സജ്ജരാക്കാനും പരിശീലിപ്പിക്കാനും കഴിയാത്തതിനാൽ പൊതുവിശ്വാസം തകർക്കപ്പെടുന്നു. തുല്യ നീതിയോടുള്ള നമ്മുടെ പ്രതിബദ്ധതയെ സാക്ഷാത്കരിക്കാനാണ് ഈ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നത്. നമ്മുടെ മുഴുവൻ നീതിന്യായ ചട്ടക്കൂടിന്റെയും ശക്തി ഈ നിർണായകമായ ആദ്യ സമ്പർക്ക കേന്ദ്രങ്ങളിലാണ് ഉള്ളത്. വിഭവങ്ങൾക്ക് വേണ്ടത്ര ശ്രദ്ധ നൽകാത്തതിനാൽ മെച്ചപ്പെടുത്തലുകൾ വളരെ കുറവും വളരെ അകലെയുമാണെന്നും ഇന്ത്യാ ജസ്റ്റിസ് റിപ്പോർട്ടിന്റെ നാലാം പതിപ്പ് ചൂണ്ടിക്കാണിക്കുന്നു. കഷ്ടമെന്ന് പറയട്ടെ, നീതി തേടുന്ന വ്യക്തിയിലാണ് ഭാരം ഇപ്പോഴും അടിച്ചേൽപ്പിക്കപ്പെടുന്നത്, അത് നൽകാൻ ബാധ്യസ്ഥരായ സർക്കാരുകളില്ല."*

*"ഇന്ത്യ ഒരു ജനാധിപത്യ, നിയമവാഴ്ചയുള്ള രാഷ്ട്രമായി നൂറു വർഷങ്ങളിലേക്ക് കടന്നുപോകുമ്പോൾ, പരിഷ്കരിച്ച നീതിന്യായ വ്യവസ്ഥയുടെ പിന്തുണയില്ലെങ്കിൽ നിയമവാഴ്ചയും തുല്യ അവകാശങ്ങളും എന്ന വാഗ്ദാനം പൊള്ളയായി തുടരും. പരിഷ്കരണം വെറുമൊരു പോംവഴിയല്ല. അത് അടിയന്തിരമായി ഉണ്ടാകേണ്ടതാണ്. എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രതികരണശേഷിയുള്ള നീതിന്യായ വ്യവസ്ഥ എന്നത്*

*ഓരോ പൗരനും ലഭ്യമാകുന്ന, ഒരു ദൈനംദിന യാഥാർത്ഥ്യമായി അനുഭവിക്കേണ്ട ഒരു ഭരണഘടനാപരമായ അനിവാര്യതയാണ്,"* ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് ചീഫ് എഡിറ്റർ ശ്രീമതി മായ ദാരുവാല എടുത്തു പറഞ്ഞു.

24 മാസത്തെ കർശനവും ബൃഹത്തായതുമായ ഗവേഷണത്തിലൂടെ, മുൻകാലങ്ങളിലെ മൂന്നെണ്ണത്തിന് സമാനമായി, ഐജെആർ 2025, നിർബന്ധമായും നൽകേണ്ട സേവനങ്ങൾ ഫലപ്രദമായി നൽകുന്നതിന് തങ്ങളുടെ നീതി നൽകുന്ന ഘടനകളെ പ്രാപ്തമാക്കുന്നതിൽ സംസ്ഥാനങ്ങളുടെ പ്രകടനം നിരീക്ഷിച്ചു. ആധികാരിക സർക്കാർ സ്രോതസ്സുകളിൽ നിന്നുള്ള ഏറ്റവും പുതിയ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി നീതി നൽകുന്നതിനുള്ള നാല് തൂണുകളായ പോലീസ്, ജുഡീഷ്യറി, ജയിലുകൾ, നിയമ സഹായം എന്നിവയെക്കുറിച്ചുള്ള അറിയപ്പെടാത്ത ഡാറ്റ ഈ റിപ്പോർട്ട് ഒരുമിച്ച് കൊണ്ടുവരുന്നു. സംസ്ഥാനത്തിന്റെ സ്വയം പ്രഖ്യാപിത നിലവാരങ്ങളും മാനദണ്ഡങ്ങളും മുന്നിൽ വച്ച് ബജറ്റുകൾ, മാനവ വിഭവശേഷി, ജോലിഭാരം, വൈവിധ്യം, അടിസ്ഥാന സൗകര്യങ്ങൾ, പ്രവണതകൾ (അഞ്ച് വർഷത്തെ കാലയളവിൽ മെച്ചപ്പെടാൻ കാട്ടുന്ന താൽപര്യം) എന്നിവയുടെ പ്രിസത്തിലൂടെ ഓരോ തൂണിനെയും വിശകലനം ചെയ്തു. 25 സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുടെ ശേഷിയും ഈ പതിപ്പ് പ്രത്യേകം വിലയിരുത്തുന്നു. (കൂടുതൽ വിവരങ്ങൾക്ക് എസ്എച്ച്ആർസി സംഗ്രഹം കാണുക). കൂടാതെ ഭിന്നശേഷിക്കാർക്ക് മധ്യസ്ഥത, നീതി ലഭ്യമാക്കൽ എന്നിവയെക്കുറിച്ചുള്ള ഉപന്യാസങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു.

വലുതും ഇടത്തരവുമായ 18 സംസ്ഥാനങ്ങളുടെ റാങ്കിംഗ് ഇപ്രകാരമാണ്:

| സംസ്ഥാന റാങ്ക് | 2025 റാങ്ക് | റാങ്ക് 2022 |
|---|---|---|
| കർണാടക | 1 | 1 |
| ആന്ധ്രാപ്രദേശ് | 2 | 5 |
| തെലങ്കാന | 3 | 3 |
| കേരളം | 4 | 6 |
| തമിഴ്നാട് | 5 | 2 |
| ഛത്തീസ്ഗഢ് | 6 | 9 |
| മധ്യപ്രദേശ് | 7 | 8 |
| ഒഡീഷ | 8 | 11 |
| പഞ്ചാബ് | 9 | 10 |
| മഹാരാഷ്ട്ര | 10 | 12 |
| ഗുജറാത്ത് | 11 | 4 |
| ഹരിയാന | 12 | 13 |
| ബീഹാർ | 13 | 16 |
| രാജസ്ഥാൻ | 14 | 15 |
| ജാർഖണ്ഡ് | 15 | 7 |
| ഉത്തരാഖണ്ഡ് | 16 | 14 |
| ഉത്തർപ്രദേശ് | 17 | 18 |
| പശ്ചിമ ബംഗാൾ | 18 | 17 |

**The ranking of the seven small states is:**

ഏഴ് ചെറിയ സംസ്ഥാനങ്ങളുടെ റാങ്കിംഗ് ഇപ്രകാരമാണ്:

| സംസ്ഥാന റാങ്ക് | 2025 റാങ്ക് | റാങ്ക് 2022 |
|---|---|---|
| സിക്കിം | 1 | 1 |
| ഹിമാചൽ പ്രദേശ് | 2 | 6 |

| സംസ്ഥാന റാങ്ക് | 2025 റാങ്ക് | റാങ്ക് 2022 |
|---|---|---|
| അരുണാചൽ പ്രദേശ് | 3 | 2 |
| ത്രിപുര | 4 | 3 |
| മേഘാലയ | 5 | 4 |
| മിസോറാം | 6 | 5 |
| ഗോവ | 7 | 7 |

<u>പ്രോത്സാഹജനകമായ മെച്ചപ്പെടുത്തലുകൾ, പക്ഷേ നിരന്തരമായ വിടവുകൾ:</u>

<u>ഒഴിവ്:</u>

നീതിന്യായ വ്യവസ്ഥ: **140** കോടി ജനങ്ങൾക്ക് ഇന്ത്യയിൽ **21,285** ജഡ്ജിമാരുണ്ട്. അതായത് ഒരു ദശലക്ഷം ജനസംഖ്യക്ക് ഏകദേശം **15** ജഡ്ജിമാർ. **1987**-ലെ നിയമ കമ്മീഷന്റെ ശുപാർശയായ ഒരു ദശലക്ഷം ജനസംഖ്യക്ക് **50** ജഡ്ജിമാർ എന്നതിനേക്കാൾ ഇത് വളരെ താഴെയാണ്. ഹൈക്കോടതികളിൽ 33%-വും ജില്ലാ നീതിന്യായ വ്യവസ്ഥയിൽ 21%-വും ജഡ്ജിമാരുടെ ഒഴിവുണ്ട്. ഇത് ജഡ്ജിമാർക്ക്, പ്രത്യേകിച്ച് ഹൈക്കോടതികളിൽ, ഗണ്യമായി ഉയർന്ന ജോലിഭാരമാണ് നൽകുന്നത്. ഉദാഹരണത്തിന്, അലഹബാദ്, മധ്യപ്രദേശ് ഹൈക്കോടതികളിൽ ഒരു ജഡ്ജിക്ക് മുന്നിലുള്ള കേസുകളുടെ എണ്ണം **15,000**-മാണ്. ദേശീയതലത്തിൽ, ജില്ലാ കോടതികളിൽ, ഒരു ജഡ്ജിക്ക് ശരാശരി **2,200** കേസുകളാണ് ജോലിഭാരം.

പോലീസ്: 28% ഓഫീസർ ഒഴിവുകളും 21% കോൺസ്റ്റബിൾ ഒഴിവുകളും ഉള്ളതിനാൽ ദേശീയ പോലീസ്-ജനസംഖ്യാ അനുപാതം 831 ആണ്. നിർദ്ദേശിക്കപ്പെട്ട അന്താരാഷ്ട്ര നിലവാരം ഒരു ലക്ഷം ജനസംഖ്യക്ക് 222 പോലീസുകാരാണെങ്കിലും, ഇന്ത്യയിൽ, ഒരു ലക്ഷം ജനസംഖ്യക്ക് 120 പോലീസുകാർ മാത്രമേ ലഭ്യമാകുന്നുള്ളു. (യഥാർത്ഥ അംഗബലം അനുസരിച്ച്).

*ജയിലുകൾ:* ഒഴിവുകൾ ഓഫീസർമാരുടെത് **28%,** കേഡർ സ്റ്റാഫ് **28%,** കറക്ഷണൽ സ്റ്റാഫ് **44%** എന്നിങ്ങനെയാതിനാൽ ജയിൽ ജീവനക്കാരുടെ ഒഴിവുകൾ ഇപ്പോഴും ഉയർന്ന നിലയിൽ തുടരുന്നത്

ആശങ്കാജനകമാണ്. മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ **43%** ആണ്. മാതൃകാ ജയിൽ മാനുവൽ **(2016)** പ്രകാരം തടവുകാരും ഡോക്ടർമാരും തമ്മിലുള്ള അനുപാതം **300** തടവുകാർക്ക് **1** ഡോക്ടർ എന്ന മാനദണ്ഡമാണെങ്കിലും**,** ഇന്ത്യയുടെ ദേശീയ ശരാശരി **775** തടവുകാർക്ക് ഒരു ഡോക്ടർ എന്നതാണ്. വാസ്തവത്തിൽ**,** ഛത്തീസ്ഗഢ്**,** ഹരിയാന**,** ഉത്തർപ്രദേശ്**,** ഉത്തരാഖണ്ഡ്**,** പശ്ചിമ ബംഗാൾ എന്നിവയുൾപ്പെടെ നിരവധി വലിയ സംസ്ഥാനങ്ങളിൽ **1,000-**ത്തിലധികം തടവുകാർക്ക് ഒരു ഡോക്ടർ എന്ന നിലയിലാണ്.

*ഫോറൻസിക്സ്:* ഫോറൻസിക്സിൽ, ഭരണ ജീവനക്കാരുടെ ഒഴിവ് 47% ആണ്, ശാസ്ത്രീയ ജീവനക്കാരുടെ ഒഴിവ് 49% ആണ്.

*പാരാലീഗൽ വളണ്ടിയർമാർ അല്ലെങ്കിൽ പിഎൽവികൾ:* 2019-നും 2024-നും ഇടയിൽ സമൂഹ-അധിഷ്ഠിത പിഎൽവികളുടെ എണ്ണത്തിൽ **38%** കുറവുണ്ടായി**.** തമിഴ്നാട്, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിലാണ് ഏറ്റവും വലിയ കുറവ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇപ്പോൾ**,** ഒരു ലക്ഷം പേർക്ക് **3** പിഎൽവികൾ മാത്രമേയുള്ളൂ**.** ദേശീയതലത്തിൽ, പരിശീലനം ലഭിച്ച 53,000-ത്തിലധികം പിഎൽവികളിൽ, മൂന്നിലൊന്ന് പേരെ മാത്രമേ യഥാർത്ഥത്തിൽ വിന്യസിച്ചിട്ടുള്ളൂ.

<u>അടിസ്ഥാന സൗകര്യങ്ങൾ:</u>

വീഡിയോ കോൺഫറൻസിംഗ് സൗകര്യങ്ങളുള്ള ജയിലുകളുടെ വിഹിതത്തിൽ വർദ്ധന **(86%),** കോടതി മുറികളുടെ അപര്യാപ്തതയിൽ നേരിയ കുറവ് **(14.5%),** സിസിടിവികൾ ഉള്ള പോലീസ് സ്റ്റേഷനുകളുടെയും**(83%)** പ്രതി ജയിലുകളിലെ നിയമ സേവന ക്ലിനിക്കുകളുടെയും**(1,330** ജയിലുകളിലായി **1,215** ക്ലിനിക്കുകൾ**)** വിഹിതത്തിൽ പുരോഗതി എന്നിങ്ങനെ ചില അടിസ്ഥാന സൗകര്യങ്ങളിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. ഗ്രാമങ്ങളിലെ നിയമ സേവന ക്ലിനിക്കുകളുടെ എണ്ണം കുറഞ്ഞു (2017-ൽ 42 ഗ്രാമങ്ങൾക്ക് ഒരു ക്ലിനിക്കിന് എന്ന നിലയിൽ നിന്ന് 2024-ൽ വെറും 163 ആയി). 2017 ജനുവരി മുതൽ 2023 ജനുവരി വരെ ഇന്ത്യയിൽ 735 ഗ്രാമീണ പോലീസ് സ്റ്റേഷനുകൾ കുറഞ്ഞു, അതേസമയം നഗര പോലീസ് സ്റ്റേഷനുകളിൽ 193 എണ്ണത്തിന്റെ വർദ്ധന ഉണ്ടായി.

ദേശീയതലത്തിൽ ജയിലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ദൃശ്യമാണ്. ഇന്ത്യയിലെ ജയിലുകളിൽ തടവുകാരുടെ എണ്ണം അമിതമാണ്. തടവുകാരുടെ ദേശീയ ശരാശരി പാർപ്പിക്കൽ നിരക്ക് **131%-ൽ** കൂടുതലാണ്**.** 2022-ലെ കണക്കനുസരിച്ച്, ഉത്തർപ്രദേശിലെ മൂന്നിൽ ഒരു ജയിലിൽ വീതം 250% അധികം തടവുകാരെ പാർപ്പിച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലെ നിരക്കിൽ, 2030 ആകുമ്പോഴേക്കും ഇന്ത്യയിലെ ജയിൽ തടവുകാരുടെ എണ്ണം 6.8 ലക്ഷത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതേസമയം നിലവിലുള്ള ശേഷി നിരക്കിന്റെ അടിസ്ഥാനത്തിൽ ജയിൽ ശേഷി 5.15 ലക്ഷമായി വളരാൻ സാധ്യതയുണ്ട്.

തടവുകാരിൽ മൂന്നിൽ രണ്ട് ഭാഗവും **(76%)** വിചാരണത്തടവുകാരാണ്**.** വിചാരണത്തടവുകാരിൽ വലിയൊരു പങ്കും ജയിലുകളിൽ കൂടുതൽ സമയം ചെലവഴിക്കുന്നു. 3-5 വർഷം വരെ ജയിലുകളിൽ കഴിയുന്നവരുടെ വിഹിതം 2012-ൽ 3.4% ആയിരുന്നത് 2022-ൽ 6% ആയി ഇരട്ടിയായി. അതേസമയം 5 വർഷത്തിൽ കൂടുതൽ ജയിലിൽ കഴിയുന്നവരുടെ എണ്ണം ഇതേ കാലയളവിൽ അത് 0.8% ൽ നിന്ന് 2.6% ആയി ഉയർന്ന് മൂന്നിരട്ടിയായി വർദ്ധിച്ചു.

യുടിആർസികളുടെ പ്രകടനം**:** 2019-നും 2023-നും ഇടയിലുള്ള ഡാറ്റ സംസ്ഥാനങ്ങൾക്കിടയിലുള്ള പ്രകടനത്തിൽ കാര്യമായ വ്യത്യാസങ്ങൾ വെളിപ്പെടുത്തുന്നു. രാജ്യത്തുടനീളം ഏകദേശം 2.5 ലക്ഷം തടവുകാരെ മോചിപ്പിക്കാൻ കമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുണ്ട്. ശരാശരി മോചന നിരക്ക് 47 ശതമാനമാണ്.

<u>വൈവിധ്യം:</u>

India Justice Report | 2025

എസ്‌സി/എസ്ടി/ഒബിസി: പോലീസിലെ **59%** പേരും എസ്‌സി, എസ്ടി അല്ലെങ്കിൽ ഒബിസി വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. എന്നിരുന്നാലും, ഉയർന്ന റാങ്ക് തിരിച്ച് നോക്കുമ്പോൾ വലിയ അസമത്വം ഉണ്ട്. കോൺസ്റ്റബിൾ വിഭാഗത്തിൽ 61% പേർ എസ്‌സി, എസ്ടി അല്ലെങ്കിൽ ഒബിസി വിഭാഗങ്ങളിൽ നിന്നുള്ളവരാണെങ്കിലും, ഡിവൈഎസ്പിമാരുടേത് പോലുള്ള മുതിർന്ന തസ്തികകളിൽ അവരുടെ വിഹിതം 16% ആയി കുറയുന്നു.

ജഡ്ജിമാർ: ജില്ലാ നീതിന്യായ വ്യവസ്ഥയിലെ ജഡ്ജിമാരിൽ **5%** പേർ മാത്രമാണ് പട്ടികവർഗക്കാർ. **14%** പേർ പട്ടികജാതിക്കാരാണ്. **2018** മുതൽ നിയമിതരായ **698** ഹൈക്കോടതി ജഡ്ജിമാരിൽ **37** പേർ മാത്രമാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ളവർ.

ലിംഗഭേദം: വൈവിധ്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടെ, പോലീസിലെ സ്ത്രീകളുടെ പങ്ക് നേരിയ തോതിൽ **12%** ആയി വർദ്ധിച്ചു. എന്നിരുന്നാലും, ഓഫീസർ തലത്തിൽ, അത് വെറും **8%** ആയി തുടരുന്നു. മൊത്തം വനിതാ പോലീസ് സേനയുടെ **89%** കോൺസ്റ്റബിൾ തസ്തികകളിൽ മാത്രമാണ് വരുന്നത്.

ഹൈക്കോടതികളെയും (14%) സുപ്രീം കോടതിയെയും (6%) അപേക്ഷിച്ച് ജില്ലാ കോടതിയിൽ വനിതാ ജഡ്ജിമാരുടെ എണ്ണം (38%) കൂടുതലാണ്. നിലവിൽ 25 ഹൈക്കോടതികളിലുമായി ഒരു വനിതാ ചീഫ് ജസ്റ്റിസ് മാത്രമേയുള്ളൂ.

<u>നീതിക്കായുള്ള ബജറ്റുകൾ:</u>

നിയമസഹായത്തിനായുള്ള പ്രതിശീർഷ ചെലവ് 7 രൂപയിലേക്ക് എത്താൻ നിൽക്കുമ്പോൾ പോലീസിനായുള്ള ചെലവ് കഴിഞ്ഞ 6 വർഷത്തിനിടെ 55% വർദ്ധിച്ചു. ദേശീയ ശരാശരി ഇപ്പോൾ 1300 രൂപയിലേക്ക് അടുക്കുന്നു. എന്നിരുന്നാലും, പരിശീലനത്തിനായുള്ള ചെലവ് വളരെ കുറവാണ്. പോലീസ് ബജറ്റിൽ പരിശീലന ബജറ്റിന്റെ ദേശീയ ശരാശരി വിഹിതം 1.25% ആണ്.

- നിയമ സഹായം: നിയമ സഹായത്തിനായി ദേശീയ പ്രതിശീർഷ ചെലവ് പ്രതിവർഷം വെറും 6.46 രൂപ മാത്രമാണ്

- ജയിലുകൾ: ജയിലുകൾക്കായുള്ള ദേശീയ പ്രതിശീർഷ ചെലവ് **57** രൂപ. 2022-23-ൽ ഒരു തടവുകാരന് വേണ്ടിയുള്ള ദേശീയ ശരാശരി ചെലവ് 2021-22-ലെ 38,028 രൂപയിൽ നിന്ന് 44,110 രൂപയായി വർദ്ധിച്ചു. ഒരു തടവുകാരന് വേണ്ടിയുള്ള ഏറ്റവും ഉയർന്ന വാർഷിക ചെലവ് ആന്ധ്രാപ്രദേശ് രേഖപ്പെടുത്തുന്നു, 2,67,673 രൂപ.

- നീതിന്യായ വ്യവസ്ഥ: നീതിന്യായ വ്യവസ്ഥക്കായുള്ള ദേശീയ പ്രതിശീർഷ ചെലവ് 182 രൂപയാണ്. ഒരു സംസ്ഥാനവും അതിന്റെ മൊത്തം വാർഷിക ചെലവിന്റെ ഒരു ശതമാനത്തിൽ കൂടുതൽ നീതിന്യായ വ്യവസ്ഥക്കായി ചെലവഴിക്കുന്നില്ല.

- പോലീസ്: പോലീസിനായുള്ള ദേശീയ പ്രതിശീർഷ ചെലവ് 1,275 രൂപയാണ് - നാല് തൂണുകളിൽ ഏറ്റവും ഉയർന്നത്.

ഐജെആർ 2025 അടിയന്തരവും അടിസ്ഥാനപരവുമായ തിരുത്തലുകൾ വേണമെന്ന് ആവർത്തിച്ചു വ്യക്തമാക്കുന്നു. ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതിന്റെയും പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതകൾ ഇത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പിൻവലിക്കാനാവാത്ത മാറ്റം വരുത്തുന്നതിന്, നീതി നടപ്പാക്കലിനെ ഒരു അവശ്യ സേവനമായി പ്രഖ്യാപിക്കണമെന്ന് അത് ഉദ്ബോധിപ്പിക്കുന്നു.

---------

കൂടുതൽ വിവരങ്ങൾക്ക്, ദയവായി ബന്ധപ്പെടുക:

വലയ് സിംഗ്
ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് (indiajusticereport.org)

Centre for Social Justice | COMMON CAUSE | CHRI | DAKSH | TISS | PRAYAS | VIDHI Centre for Legal Policy | HowINDIALives

ഇ-മെയിൽ: **valaysingh@gmail.com**
മൊബൈൽ: **9717676026**

സ്രോതസ്സുകൾ:

1. പോലീസ്: പോലീസ് ഓർഗനൈസേഷൻ **2023,** ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റിനെക്കുറിച്ചുള്ള ഡാറ്റ
2. ജയിലുകൾ: ജയിൽ സ്റ്റാറ്റിസ്റ്റിക്സ് ഇന്ത്യ **2022,** നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ
3. ജുഡീഷ്യറി: **2024 & 2025-** നാഷണൽ ജുഡീഷ്യൽ ഡാറ്റ ഗ്രിഡ് **(**എൻജെഡിസി**),** കോടതി വാർത്തകൾ, ഇന്ത്യൻ സുപ്രീം കോടതി; ഇ-കോർട്ട്സ് സർവീസസ്; ഹൈക്കോടതികളുടെ വെബ്സൈറ്റുകളും വാർഷിക റിപ്പോർട്ടുകളും, നീതിന്യായ വകുപ്പ്
4. നിയമ സഹായം: **2024,** നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയിൽ നിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ

India Justice Report | 2025

<u>അനുബന്ധം I:</u>

<u>മൊത്തത്തിലുള്ള ദേശീയ കണ്ടെത്തലുകൾ: ഒറ്റനോട്ടത്തിൽ</u>

*ഒഴിവുകൾ:*

**ദേശീയതലത്തിൽ, നീതിന്യായ വ്യവസ്ഥയിലെ ഒഴിവുകൾ ഇവയാണ്:**
- ***പോലീസ്: 21% (കോൺസ്റ്റബിൾമാർ); 28% (ഓഫീസർമാർ)***
- ***ജയിലുകൾ: 28% (ഓഫീസർമാർ), 28% (കേഡർ സ്റ്റാഫ്), 44% (കറക്ഷണൽ സ്റ്റാഫ്), 40% (മെഡിക്കൽ സ്റ്റാഫ്), 43% (മെഡിക്കൽ ഓഫീസർമാർ)***
- ***ജുഡീഷ്യറി: 33% (ഹൈക്കോടതി ജഡ്ജിമാർ), 21% (ജില്ലാ കോടതി ജഡ്ജിമാർ), 27% (ഹൈക്കോടതി ജീവനക്കാർ)***
- ***നിയമസഹായം: 6% (ഡിഎൽഎസ്എ സെക്രട്ടറി)***

***<u>മെച്ചപ്പെടുത്തലുകൾ:</u>***
- ***പോലീസ്: ബിഹാറിൽ കോൺസ്റ്റബിൾമാരുടേത് 30%- ൽ നിന്ന് 23% ആയും, കർണാടകയിലെ ഓഫീസർമാരുടേത് 11%- ൽ നിന്ന് 1.2% ആയും***
- ***ജയിലുകൾ: മധ്യപ്രദേശ് മെഡിക്കൽ ഓഫീസർമാരുടേത് 2%- ൽ നിന്ന് 31% ആയും, ഉത്തർപ്രദേശ് ഓഫീസർമാരുടേത് 36%- ൽ നിന്ന് 25% ആയും***
- ***നീതി വ്യവസ്ഥ: പുതുച്ചേരി ജില്ലാ കോടതി ജഡ്ജിമാരുടേത് 58%- ൽ നിന്ന് 28% ആയും, ത്രിപുരയിലെ ഹൈക്കോടതി ജഡ്ജിമാരുടേത് 40%- ൽ നിന്ന് പൂജ്യമായും.***
- ***നിയമ സഹായം: അരുണാചൽ പ്രദേശിൽ ഡിഎൽഎസ്എ സെക്രട്ടറിമാരുടേത് 100%-ൽ നിന്ന് പൂജ്യത്തിൽ***

*വൈവിധ്യം*

### *നീതിന്യായ വ്യവസ്ഥയിലെ സ്ത്രീകൾ: ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് 5 വർഷത്തിനിടയിലെ മാറ്റം*

*പോലീസ്:*
- ***പോലീസിലെ സ്ത്രീകളുടെ മൊത്തത്തിലുള്ള പങ്ക് 2016-ലെ 7.28%- ൽ നിന്ന് 2022- ൽ 12.32% ആയി വർദ്ധിച്ചു.***
- ***ഇതേ കാലയളവിൽ, ഓഫീസർ തലത്തിൽ ഇത് 5.5% ൽ നിന്ന് 7.9% ആയി വർദ്ധിച്ചു***
- ***2022-ൽ ഐപിഎസ് റാങ്കുകളിലെ സ്ത്രീകളുടെ എണ്ണം: 960***
- ***15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇപ്പോഴും പോലീസിൽ 10%-ൽ താഴെ സ്ത്രീകളുണ്ട്***

*നീതി വ്യവസ്ഥ:*
- ***ജില്ലാ നീതി വ്യവസ്ഥയിലെ വനിതാ ജഡ്ജിമാരുടെ മൊത്തത്തിലുള്ള വിഹിതം 2017-ലെ 30%- ൽ നിന്ന് 2025-ൽ 38.3% ആയി വർദ്ധിച്ചു***
- ***ഹൈക്കോടതി ജഡ്ജിമാരുടെ വളർച്ച 2018-ലെ 11.4%- ൽ നിന്ന് 2025- ൽ 14% ആയി***

*നിയമ സഹായം:*

India Justice Report | 2025

**അടിസ്ഥാന സൗകര്യങ്ങൾ**

• *സിസിടിവികൾ: ഏകദേശം 17% പോലീസ് സ്റ്റേഷനുകളിൽ ഒരു സിസിടിവി പോലും ഇല്ല. 10 പോലീസ് സ്റ്റേഷനുകളിൽ മൂന്നെണ്ണത്തിൽ വനിതാ സഹായ ഡെസ്കുകൾ ഇല്ല.*

• *തടവുകാരുടെ എണ്ണം: 56%-ത്തിൽ (724 ജയിലുകൾ) 100% ശേഷിയിൽ കൂടുതലാണ്, ഏകദേശം 20%-ത്തിൽ (262 ജയിലുകൾ) 150%-250%-ത്തിന് ഇടയിൽ തടവുകാരുടെ എണ്ണം രേഖപ്പെടുത്തുന്നു. രാജ്യത്തെ 176 ജയിലുകളിൽ 200%-ൽ കൂടുതൽ തടവുകാരുടെ എണ്ണം രേഖപ്പെടുത്തുന്നു.*

• *വിചാരണത്തടവുകാർ: അരുണാചൽ പ്രദേശും മധ്യപ്രദേശും ഒഴികെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും വിചാരണത്തടവുകാരുടെ എണ്ണം 60%-ൽ കവിയുന്നു. ഡൽഹിയിലാണ് ഏറ്റവും കൂടുതൽ വിചാരണത്തടവുകാരുള്ളത്, 91% വിചാരണത്തടവുകാരുമുണ്ട്.*

തൊഴിൽ ഭാരം

• നീതി വ്യവസ്ഥ:

തീർപ്പാക്കാത്ത കേസുകൾ: കർണാടക, മണിപ്പൂർ, മേഘാലയ, സിക്കിം, ത്രിപുര എന്നിവ ഒഴികെയുള്ള എല്ലാ ഹൈക്കോടതികളിലും മൂന്ന് വർഷത്തിലേറെയായി ഓരോ രണ്ട് കേസുകളിലും ഒന്ന് കെട്ടിക്കിടക്കുന്നു. ജില്ലാ കോടതികളിൽ, ആൻഡമാൻ & നിക്കോബാർ, അരുണാചൽ പ്രദേശ്, ബീഹാർ, ഗോവ, ജാർഖണ്ഡ്, മഹാരാഷ്ട്ര, മേഘാലയ, ഒഡീഷ, രാജസ്ഥാൻ, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ 40%- ത്തിലധികം കേസുകൾ മൂന്ന് വർഷത്തിലേറെയായി കെട്ടിക്കിടക്കുന്നു.

• പോലീസ്:

സിവിൽ പോലീസിലെ അംഗസംഖ്യ: ദേശീയതലത്തിൽ, 831 പേർക്ക് 1 സിവിൽ പോലീസ് ഉദ്യോഗസ്ഥൻ എന്ന നിരക്കിൽ

• ജയിലുകൾ:

മെഡിക്കൽ ഓഫീസർമാർ: ഇന്ത്യയിലെ 573,220-ലധികം ജയിൽ തടവുകാർക്ക് 740 മെഡിക്കൽ ഓഫീസർമാർ മാത്രമേയുള്ളൂ. ഇത് ശരാശരി 775 തടവുകാർക്ക് ഒരു ഡോക്ടർ എന്ന നിരക്കിലാണ്. എല്ലാ ജയിലുകളിലും കൂടി 25 സൈക്കോളജിസ്റ്റുകൾ/സൈക്യാട്രിസ്റ്റുകൾ മാത്രമേയുള്ളൂ.